**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഗിഫ്റ്റ് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗിഫ്റ്റ് സിറ്റി പദ്ധതിക്കുള്ള അന്തിമാനുമതി കേന്ദ്ര സർക്കാർ വൈകിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിലെ ഗിഫ്റ്റ് സിറ്റിക്കായി കേരള സർക്കാർ 358 ഏക്കർ ലാന്റ് അക്വിസിഷൻ നടപടികളുമായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ല.<br><br>അനുമതി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ബഹു. മുഖ്യമന്ത്രി 2 തവണ രേഖാമൂലം ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി വിവിധ തലത്തിലുള്ള ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഗ്ലോബൽ ഇൻഡസ്ട്രിയൽസ് ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റിയാണ് കൊച്ചിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട പ്രോജക്ട് ബിസിനസ്സ്/ ഓഫീസുകൾ, ദേശീയ അന്തർദേശീയ ബാങ്കിംഗ്, ക്യാപിറ്റൽ മാർക്കറ്റ് കമ്പനികൾ, അസറ്റ് മാനേജ്മെന്റ് കമ്പനികൾ, ഇൻഷ്വറൻസ് കമ്പനികൾ, നിയമ, അക്കൗണ്ടിംഗ്, ഓഡിറ്റ് മാനേജ്മെന്റ് ഓർഗനൈസേഷനുകൾ, ഐടി/ഐടിഇഎസ് സേവനങ്ങൾ, ആർ & ഡി, വിജ്ഞാനാധിഷ്ഠിത സ്ഥാപനങ്ങൾ, ഹോസ്പിറ്റാലിറ്റി, കൺവെൻഷൻ, വിനോദവും പ്രൈവറ്റ് ഇക്വിറ്റി ഏജൻസികളും/ കമ്പനികളും, വിദേശ സർവകലാശാലകൾക്കുള്ള ഓഫ് കാമ്പസ് സെന്ററുകളും, റസിഡൻഷ്യൽ, ഹോസ്പിറ്റാലിറ്റി, വെൽനസ് റിസോർട്ട്, ഹെൽത്ത് കെയർ, റീട്ടെയിൽ തുടങ്ങിയ അനുബന്ധ മേഖലകളും പരിഗണിക്കപ്പെടുന്നു. |
| (സി) | കാലതാമസം കൂടാതെ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനായി അനുമതി നേടിയെടുക്കുന്നതിന് | (സി) | അനുമതി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ബഹു. മുഖ്യമന്ത്രി 2 തവണ രേഖാമൂലം ബഹു. പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | | പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി വിവിധ തലത്തിലുള്ള ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ